**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ബീന സൂസൻ ഫിലിപ്പിന്റെ വന്ധ്യതാ ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**518/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **05/03/2019.**

പരാമർശം :
1) ശ്രീമതി. ബീന സൂസൻ ഫിലിപ്പിന്റെ 09.04.2018 ലെ അപേക്ഷയും ബില്ലുകളും
2) പഞ്ചായത്ത് ഡയറക്ടറുടെ 10.07.2018 ലെ എഫ് 2-18334/2018 നമ്പർ കത്ത്.
3) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 14.08.1986 ലെ G.O(P) No 164/86/H&FWD നമ്പർ ഉത്തരവ്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ബീന സൂസൻ ഫിലിപ്പിന്റെ വന്ധ്യത സംബന്ധമായ ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2 ശ്രീമതി ബീനാ സൂസൻ ഫിലിപ്പിന്റെ മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് അപേക്ഷ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കുവാൻ 9 മാസത്തെ കാലതാമസമാണ് വരുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത മെഡിക്കൽ റീ ഇംപേഴ്സ് മെന്റിനായുള്ള അപേക്ഷ അവസാന ബില്ല് തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതായിരുന്നു.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ബീന സൂസൻ ഫിലിപ്പിന്റെ വന്ധ്യത ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചെലവായ തുക പരാമർശം (3) പ്രകാരം പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി ടിയാൾ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീമതി. ബീന സൂസൻ ഫിലിപ്പ്, സീനിയർ ക്ലാർക്ക്, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (17.12.2018 ലെ യു.ഒ.നം.G2/2330/18/Health പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.321/EPA3/18/LSGD)

ഉത്തരവിൻപ്രകാരം

Denya M

സെക്ഷൻ ഓഫീസർ